ഉണ്ണികൃഷ്ണൻ കിടങ്ങൂർ

# ദ്വീപിലെ രാജകുമാരൻ

പണ്ടുപണ്ട് കുറെ കച്ചവടക്കാർ കച്ചവടസാധനങ്ങളുമായി കപ്പലിൽ പുറപ്പെട്ടു. അവരോടൊപ്പം താമി എന്നൊരു കുരങ്ങച്ചനും ഉണ്ടായിരുന്നു. കുസൃതിയായിരുന്നതിനാൽ കുരങ്ങച്ചനെ എല്ലാവർക്കും വലിയ ഇഷ്ടമായിരുന്നു.

അവർ കളിച്ചും ചിരിച്ചും രസിച്ചും നീങ്ങുന്നതിനിടയിലാണ് കടൽ ക്ഷോഭിച്ചത്. ശക്തമായ കാറ്റിലും ഉയർന്നുപൊങ്ങിയ തിരമാലയിലും പെട്ട് കപ്പൽ ആടിയുലഞ്ഞു. പേടിച്ചരണ്ട കപ്പൽ യാത്രക്കാരും താമിയും ഉറക്കെ കരഞ്ഞു: ''രക്ഷിക്കണേ.. ഞങ്ങളെ രക്ഷിക്കണേ..'' പൊടുന്നനെ ഉയർന്നുപൊങ്ങിയ തിരയിൽപെട്ട് കപ്പൽ തകർന്നു. കച്ചവടക്കാരും കുരങ്ങച്ചനും കടലിലേക്ക് പതിച്ചു.

കച്ചവടക്കാർ പലകയിലും മറ്റും പിടിച്ച് പൊങ്ങിക്കിടന്നു. പക്ഷേ കുരങ്ങച്ചൻ കടലിൽ മുങ്ങിത്താണു. പെട്ടെന്ന് ഒരു ഡോൾഫിൻ താമിയെയും കൊണ്ട് കടലിലൂടെ കുതിച്ചു. കുറച്ച് വെള്ളം അകത്തായെങ്കിലും ഡോൾഫിന്റെ പുറത്തുകയറിയുള്ള യാത്ര താമിക്ക് ഇഷ്ടമായി. കുറച്ചുദൂരം ചെന്നപ്പോൾ അവർ ഒരു ദ്വീപിലെത്തി. അപ്പോൾ ഡോൾഫിൻ ചോദിച്ചു: ''കുരങ്ങച്ചാ.. നീ ഇതുവഴിയെങ്ങാനും ഇതിനുമുൻപ് വന്നിട്ടുണ്ടോ..?'' അതുകേട്ടതും താമിക്കുരങ്ങച്ചൻ വലിയ ഗമയിൽ തട്ടിവിട്ടു: ''പിന്നേയ്.. ഇത് എന്റെ ചങ്ങാതിയായ രാജാവിന്റെ രാജ്യമാണ്. അവന്റെ സ്നേഹിതനായ ഞാനും ഒരു രാജകുമാരനാണ്.''

കുരങ്ങന്റെ വീമ്പുപറച്ചിൽ ഡോൾഫിന് ഒട്ടും പിടിച്ചില്ല. 'ഓഹോ.. എങ്കിൽ ഇന്നുമുതൽ ഈ ദ്വീപിലെ രാജകുമാരൻ നീയാണ്. കാരണം ഇവിടെയിപ്പോൾ നീ മാത്രമേയുള്ളൂ..' എന്നു പറഞ്ഞ് ഡോൾഫിൻ അവിടെനിന്നും സ്ഥലം വിട്ടു.

അപ്പോഴാണ് പൊങ്ങച്ചം വരുത്തിയ വിനയെക്കുറിച്ച് താമിക്കുരങ്ങന് മനസ്സിലായത്.

✦

